"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - എയ്ഡഡ്- കണ്ണൂർ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി ഹിന്ദി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.2534/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017
4. ജി.ഒ.(ആർ.റ്റി) നം.2849/2021/പൊവിവ തീയതി 27/05/2021
5. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസം) 03.04.2025 ലെ HSE/19315/2024/-Acd C1നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി ഹിന്ദി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയും നിലവിൽ സ്റ്റേറ്റ് പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ സെക്രട്ടറിയുമായി സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ മുഹമ്മദ് അൻസാരിയെ നോമിനേറ്റ് ചെയ്യുന്നതിലേക്കായി പരാമർശം 6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം ) പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ ഒഴിവുവന്ന HSST സീനിയർ തസ്തികകളിൽ മാനേജർ നടത്തിയ അധ്യാപക നിയമനങ്ങൾ ക്രമപ്രകാരമാണെന്നു ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അഡീഷണൽ സെക്രട്ടറി ശ്രീ മുഹമ്മദ് അൻസാരിയെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള സമ്മതപത്രം, 2024-25 അക്കാദമിക് വർഷം 5-ൽ അധികം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാന്റെ ഡിക്ലറേഷൻ എന്നിവ സമർപ്പിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, ശ്രീ മുഹമ്മദ് അൻസാരിയ്ക്ക് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്ന വ്യവസ്ഥയിന്മേൽ കണ്ണൂർ മട്ടന്നൂർ ഹയർ

സെക്കണ്ടറിസ്കൂളിലെ എച്ച് എസ് എസ് ടി ഹിന്ദി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയും നിലവിൽ സ്റ്റേറ്റ് പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ സെക്രട്ടറിയുമായി സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ മുഹമ്മദ് അൻസാരിയെ കെ.ഇ.ആർ. അദ്ധ്യായം 32 ചട്ടം 5 കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ടി സെലക്ഷൻ നടപടികൾ സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ളതാണെന്നും കെ.ഇ.ആർ ചട്ടം 32 ലെ വ്യവസ്ഥകൾ പ്രകാരമാണ് നടത്തുന്നതെന്നും സർക്കാർ പ്രതിനിധി ഉറപ്പാക്കേണ്ടതാണ്. കൂടാതെ സർക്കാർ പ്രതിനിധി ടി സെലക്ഷൻ നടപടികൾ സംബന്ധിച്ചും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പുകൾ സഹിതവും വിശദമായ റിപ്പോർട്ട് ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. സെലക്ഷൻ നടപടികൾ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നതെന്ന് സെലക്ഷൻ കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. നിലവിലെ അക്കാഡമിക വർഷം പൂർത്തിയായതിനാൽ ടി തസ്തികകളിലെ നിയമനങ്ങൾ 2025-26 അക്കാഡമിക വർഷം പ്രാബല്യത്തിൽ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ മുഹമ്മദ് അൻസാരി, സെക്രട്ടറി, സ്റ്റേറ്റ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി, , വഴുതക്കാട്, തിരുവനന്തപുരം-14
മാനേജർ , മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ, കണ്ണൂർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
മേഖലാ ഉപമേധാവി , ഹയർസെക്കണ്ടറി വിദ്യാഭ്യാസം, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ് ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Deepa N S
Date: 08-04-2025 15:26:30
സെക്ഷൻ ഓഫീസർ